**മധുരമായ കുട്ടികളേ-ബാബ നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് സുന്ദര ദേവീദേവതകളാക്കി മാറ്റാൻ, സൗന്ദര്യത്തിന്റെ ആധാരമാണ് പവിത്രത.**

**ചോദ്യം-** ആത്മീയ ദീപനാളത്തിൽ സമർപ്പണമാകുന്ന ഈയാമ്പാറ്റകളുടെ അടയാളം എന്തെല്ലാമാണ്?
**ഉത്തരം -** സമർപ്പണമാകുന്ന ഈയാമ്പാറ്റകൾ, 1. ദീപനാളം(ബാബ) എങ്ങനെയാണോ ഏതുപോലെയാണോ അതിനെ യഥാർത്ഥ രൂപത്തിൽ അറിഞ്ഞ് ഓർമ്മിക്കുന്നു. 2.സമർപ്പണമാകുക അർത്ഥം ബാബയ്ക്ക് സമാനമാകുക. 3.സമർപ്പണമാവുക അർത്ഥം ബാബയെക്കാളും ഉയർന്ന രാജ്യപദവിയുടെ അധികാരിയായി മാറുക.

**ഗീതം-** സഭയിൽ പ്രകാശിച്ച ദീപം . . .

**ഓം ശാന്തി**. മധുര-മധുരമായ ആത്മീയ കുട്ടികൾ ഈ ഗീതത്തിന്റെ വരി കേട്ടു. ഇതാരാണ് മനസ്സിലാക്കിത്തരുന്നത്? ആത്മീയ അച്ഛൻ. ബാബ അണയാത്ത ദീപമാണ്. ധാരാളം പേരുകളുണ്ട്. സ്തുതികളും ധാരാളം പാടുന്നു. ഇതും പരംപിതാ പരമാത്മാവിന്റെ സ്തുതിയല്ലേ. ബാബയാകുന്ന അണയാത്ത ദീപം വന്നിരിക്കുകയാണ് നമ്മൾ ഈയാമ്പാറ്റകൾക്കു വേണ്ടി. എപ്പോഴാണോ ഈയാമ്പാറ്റകൾ ദീപത്തെ കാണുന്നത് അപ്പോൾ അതിൽ ആഹൂതി ചെയ്ത് ശരീരം ഉപേക്ഷിക്കുന്നു. അനേക ഈയാമ്പാറ്റകൾ ദീപത്തിൽ പ്രാണൻ ത്യജിക്കുന്നു. അതും പ്രത്യേകിച്ച് ദീപാവലിയുടെ സമയത്ത്, ധാരാളം ദീപങ്ങൾ പ്രകാശിക്കുമ്പോൾ ഒരുപാട് ചെറിയ ചെറിയ ജീവികൾ രാത്രിയിൽ ദീപത്തിൽപ്പെട്ട് മരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മുടെ അച്ഛൻ പരമാത്മാവാണ്. അവരെ ഹുസൈൻ(സുന്ദരൻ) എന്നും പറയുന്നു. വളരെ മനോഹരമാണ് കാരണം ബാബ സദാ പരിശുദ്ധമാണ്. ആത്മാവ് പവിത്രമാകുമ്പോൾ അവർക്ക് ലഭിക്കുന്ന ശരീരം പവിത്രവും മനോഹരവുമായിരിക്കും. ശാന്തിധാമത്തിൽ ആത്മാക്കൾ പവിത്രമായിരിക്കും. പിന്നീട് ഇങ്ങോട്ട് പാർട്ട് അഭിനയിക്കാൻ വരുമ്പോഴാണ് സതോ രജോ തമോവിലേക്ക് വരുന്നത്. പിന്നീട് സുന്ദരനിൽ നിന്നും ശ്യാമൻ അഥവാ കറുത്ത് അപവിത്രവുമാകുന്നു. ആത്മാവ് പവിത്രമാകുമ്പോഴാണ് സ്വർണ്ണിമ അവസ്ഥയിലേക്ക് പോകുന്നത്. അവർക്ക് ലഭിക്കുന്ന ശരീരവും സ്വർണ്ണിമമായിരിക്കും. ലോകവും പഴയതും പുതിയതുമായിത്തീരുന്നു. സുന്ദരനായ പരമപിതാപരമാത്മാവ്, ആരെയാണോ ഭക്തിമാർഗ്ഗത്തിൽ അല്ലയോ ശിവബാബ എന്ന് വിളിച്ചത്, ആ നിരാകാരനായ പരമാത്മാവ് ഇപ്പോൾ വന്നിരിക്കുകയാണ്. ആത്മാവിനെ അപവിത്രമായ അവസ്ഥയിൽ നിന്നും ഇപ്പോൾ പവിത്രവും പരിശുദ്ധവുമാക്കുകയാണ്. ഇന്നത്തെക്കാലത്ത് ആരാണോ സൗന്ദര്യമുള്ളവർ, അവരാണ് പവിത്രതയുള്ളവർ എന്നല്ല ഇതിനർത്ഥം. ശരീരം എത്ര തന്നെ മനോഹരമാണെങ്കിലും ആത്മാവ് പതിതമാണല്ലോ. വിദേശീയർ സൗന്ദര്യമുള്ളവരാണല്ലോ. ഇവർ നരകത്തിലെ സുന്ദരന്മാരും ലക്ഷ്മി-നാരായണന്മാർ സ്വർഗ്ഗത്തിലെ സുന്ദരന്മാരുമാണ്. മനുഷ്യർക്ക് ഈ കാര്യങ്ങളെക്കുറിച്ച് അറിയില്ല. ഇത് നരകത്തിലെ സൗന്ദര്യമാണെന്ന് കുട്ടികൾക്കു തന്നെ മനസ്സിലാക്കിത്തന്നിട്ടുണ്ട്. നമ്മൾ ഇപ്പോൾ സ്വർഗ്ഗത്തിലേക്കു പോകുന്നതിനായി സ്വാഭാവിക സൗന്ദര്യമുള്ളവരാകുകയാണ്. 21 ജന്മത്തേക്കുവേണ്ടി സൗന്ദര്യമുള്ളവരായിത്തീരുന്നു. ഇവിടെയുള്ള സൗന്ദര്യം ഒരു ജന്മത്തേക്കു വേണ്ടിയുള്ളതാണ്. മുഴുവൻ ലോകത്തിനെയും അതിലുള്ള മനുഷ്യരെയും സൗന്ദര്യമുള്ളവരാക്കിത്തീർക്കുവാനായാണ് ബാബ വന്നിരിക്കുന്നത്. സത്യയുഗീ പുതിയലോകത്തിൽ സൗന്ദര്യമുള്ള ദേവതകളാണ്. അതുപോലെ ആയിത്തീരാനാണ് നിങ്ങളിപ്പോൾ പഠിക്കുന്നത്. ബാബയാകുന്ന പരമാത്മാവ് അണയാത്ത ദീപമാണ്. നിങ്ങളെ ആത്മാക്കളെന്നു പറയുന്നപോലെ ബാബയെ പരമാത്മാവെന്നും പറയപ്പെടുന്നു. നിങ്ങൾ കുട്ടികൾ ബാബയുടെ മഹിമ പാടുന്നു ബാബ പിന്നീട് കുട്ടികളുടെയും മഹിമ പാടുന്നു, നിങ്ങളെ അതുപോലെയാക്കി മാറ്റുന്നു, നിങ്ങളുടെ പദവി എന്നേക്കാളും ഉയർത്തുന്നതിനായി. ഞാൻ എന്താണോ എങ്ങനെയാണോ ഏതുരീതിയിലാണ് പാർട്ട് അഭിനയിക്കുന്നതെന്ന് മറ്റാർക്കും തന്നെ അറിയില്ല. എങ്ങനെ നമ്മൾ ആത്മാക്കൾ പാർട്ട് അഭിനയിക്കാനായി പരംധാമത്തിൽ നിന്നും വരുന്നു എന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം. നമ്മൾ ശൂദ്രകുലത്തിലേതായിരുന്നു ഇപ്പോൾ ബ്രാഹ്മണകുലത്തിലേതാണ്. ഇത് നിങ്ങളുടെ വർണ്ണമാണ് മറ്റൊരുധർമ്മത്തിലുള്ളവർക്കും ഇങ്ങനെയില്ല. അവർക്ക് വർണ്ണങ്ങളില്ല. ക്രിസ്ത്യാനികൾക്ക് ഒരേയൊരു ക്രിസ്ത്യൻ വർണ്ണമാണ്. അതിലും അവർ സതോ രജോ തമോവിലേക്ക് വരുന്നുണ്ടല്ലോ. ബാക്കി ബ്രാഹ്മണവർണ്ണം നിങ്ങൾക്കുള്ളതാണ്. സൃഷ്ടിയും സതോ രജോ തമോവിലേക്കു വരുന്നു. ഈ സൃഷ്ടി ചക്രത്തെക്കുറിച്ച് പരിധിയില്ലാത്ത അച്ഛനാണ് മനസ്സിലാക്കിത്തരുന്നത്. ജ്ഞാനസാഗരനും പവിത്രതയുടെ സാഗരനുമായ പിതാവ് സ്വയം നമ്മോടു പറയുന്നു, ഞാൻ ഒരിക്കലും ജനന-മരണ ചക്രത്തിലേക്ക് വരുന്നില്ല.

മനുഷ്യർ ശിവജയന്തി ആഘോഷിക്കുന്നുണ്ടെങ്കിലും ഞാൻ എപ്പോഴാണ് അവതരിക്കുന്നതെന്ന് അറിയുന്നില്ല. ബാബയുടെ ജീവചരിത്രത്തെക്കുറിച്ച് അറിയുന്നില്ല. ബാബ പറയുന്നു- ഞാൻ എന്താണ്, എങ്ങനെയാണ്, എന്നിൽ എന്ത് പാർട്ടാണുള്ളത്, സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്- ഇത് ഞാൻ നിങ്ങൾ കുട്ടികൾക്ക് കല്പ-കല്പം മനസ്സിലാക്കിത്തരുന്നു. നിങ്ങൾക്കറിയാം നമ്മൾ ഏണിപ്പടി താഴേക്കിറങ്ങി-ഇറങ്ങി തമോപ്രധാനമായിരിക്കുകയാണ്. നിങ്ങൾ തന്നെയാണ് 84 ജന്മങ്ങളും എടുക്കുന്നത്. അവസാനം വരുന്നവർക്കും സതോ രജോ തമോവിലേക്ക് വരണം. നിങ്ങൾ തമോപ്രധാനമാകുമ്പോൾ മുഴുവൻ ലോകവും തമോപ്രധാനമാകുന്നു. ഇനി നിങ്ങൾക്ക് തീർച്ചയായും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകണം. ഈ സൃഷ്ടിചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ കലിയുഗമാണ് ഇതിനുശേഷം ഇനി വീണ്ടും സത്യയുഗം വരുകതന്നെ ചെയ്യും. കലിയുഗത്തിന്റെ ആയുസ്സ് പൂർത്തിയായി. ബാബ പറയുന്നു വീണ്ടും നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നതിനായി ഞാൻ ഈ സാധാരണ ശരീരത്തിൽ കല്പം മുമ്പത്തേതു പോലെ പ്രവേശിച്ചിരിക്കുകയാണ്. ഇന്നത്തെക്കാലത്ത് യോഗങ്ങൾ ധാരാളമുണ്ട്. വക്കീലാകുന്നതിന്റെ യോഗം, എഞ്ചിനിയറാകുന്നതിന്റെ യോഗം. വക്കീൽ ഭാഗം പഠിക്കുമ്പോൾ വക്കീലിനോടൊത്ത് ബുദ്ധിയുടെ യോഗം ആവശ്യമാണ്. നമ്മൾ വക്കീലായിത്തീരുന്നു എങ്കിൽ പഠിപ്പിക്കുന്ന ആളെ തീർച്ചയായും ഓർമ്മിക്കുമല്ലോ. അവർക്ക് അച്ഛൻ വേറെയുണ്ടാകും, ഇനി ഗുരുവുണ്ടെങ്കിൽ അവരെ തീർച്ചയായും ഓർമ്മിക്കുമല്ലോ. എന്നാലും അവർക്ക് വക്കീലുമായുള്ള യോഗം ഉണ്ടാകുന്നു. ആത്മാവ് തന്നെയാണ് പഠിക്കുന്നത്, ആത്മാവു തന്നെയാണ് ജഡ്ജി അഥവാ വക്കീലായിത്തീരുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ആത്മാഭിമാനിയാകുന്നതിനുള്ള സംസ്കാരം ധാരണ ചെയ്യുന്നു. അരക്കല്പം ദേഹാഭിമാനിയായിരുന്നു. ഇപ്പോൾ ബാബ പറയുന്നു ദേഹിഅഭിമാനിയായിത്തീരൂ. ആത്മാവിലാണ് പഠിപ്പിന്റെ സംസ്കാരം. മനുഷ്യാത്മാവ് തന്നെയാണ് ജഡ്ജിയായി മാറുന്നത്, ഇപ്പോൾ നമ്മൾ വിശ്വത്തിന്റെ അധികാരിയായ ദേവതയായിത്തീരുന്നു, പഠിപ്പിക്കുന്ന ആൾ ശിവബാബയാണ്, പരമാത്മാവാണ്. ബാബ തന്നെയാണ് ജ്ഞാനത്തിന്റെ, ശാന്തിയുടെ, സമ്പത്തിന്റെ സാഗരൻ. സാഗരത്തിൽ നിന്നും രത്നങ്ങളുടെ തളികകൾ നൽകി എന്ന് കേട്ടിട്ടുണ്ട്. പക്ഷേ ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. ബാബ ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങൾ ജ്ഞാനമാർഗ്ഗവുമായി താരതമ്യപ്പെടുത്തുകയാണ്. ബാബ മനസ്സിലാക്കിത്തരുന്നു, ഇവിടെ അവിനാശി ജ്ഞാനരത്നങ്ങളുടെ കാര്യമാണ്. ഇതിലൂടെയാണ് നിങ്ങൾ വളരെയധികം ധനവാനായിത്തീരുന്നത്. വജ്രവൈഢൂര്യങ്ങളും നിങ്ങൾക്ക് വളരെയധികം ലഭിക്കുന്നു. ഈ ഓരോരോ അവിനാശി ജ്ഞാനരത്നങ്ങളും ലക്ഷക്കണക്കിനു രൂപ വിലമതിപ്പുള്ളതാണ് ഇത് നിങ്ങളെ വളരെയധികം ധനവാനാക്കി മാറ്റുന്നു. നിങ്ങൾക്കറിയാം ഭാരതം തന്നെയായിരുന്നു നിർവ്വികാരി ലോകം. അതിൽ ജീവിച്ചിരുന്നവർ പവിത്രമായ ദേവതകളായിരുന്നു. പക്ഷേ ഇപ്പോൾ തമോപ്രധാനവും അപവിത്രവുമായിരിക്കുകയാണ്. ആത്മാക്കളുടെയും പരമാത്മാവിന്റെയും മിലനമേളയാണുണ്ടാകുന്നത്. ആത്മാവ് ശരീരത്തിലുണ്ടെങ്കിൽ മാത്രമല്ലേ കേൾക്കാൻ സാധിക്കൂ. പരമാത്മാവിനും ശരീരത്തിലേക്ക് വരണം. ആത്മാക്കളുടെയും പരമാത്മാവിന്റെയും വീട് ശാന്തിധാമമാണ്. ശാന്തിധാമത്തിൽ യാതൊരു ചലനങ്ങളും ഉണ്ടാകില്ല. ഇവിടെ പരമാത്മാ പിതാവ് കുട്ടികളുമായി മിലനം ചെയ്യുകയാണ്. ശരീരസഹിതം മിലനം നടത്തുന്നു. ശാന്തിധാമം വീടാണ്, അവിടെ വിശ്രമിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. ബാക്കി ലോകത്തിലുള്ളവർ കലിയുഗത്തിലും. ബാബ മനസ്സിലാക്കിത്തരുന്നു, കുട്ടികൾ ഭക്തിമാർഗ്ഗത്തിൽ ധാരാളം ചിലവ് നടത്തിയിട്ടുണ്ട്, ഒരുപാട് ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വലിയ-വലിയ ക്ഷേത്രങ്ങൾ ഉണ്ടാക്കി. ഇല്ലെങ്കിൽ കൃഷ്ണന്റെ ചിത്രം വീട്ടിൽ വെച്ചുതന്നെ പൂജിച്ചാൽ പോരേ. വിലകുറഞ്ഞ ചിത്രങ്ങൾ ഉണ്ടാകുമല്ലോ പിന്നെന്തിനാണ് ദൂരെ-ദൂരെ ക്ഷേത്രങ്ങളിലെല്ലാം പോകുന്നത്. ഇതാണ് ഭക്തിമാർഗ്ഗം. സത്യയുഗത്തിൽ ഈ ക്ഷേത്രങ്ങളൊന്നും തന്നെ ഉണ്ടാകില്ല. അവിടെ എല്ലാവരും പൂജ്യനീയരാണ്. കലിയുഗത്തിൽ എല്ലാവരും പൂജാരികളാണ്. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിൽ പൂജ്യദേവതളായിത്തീരുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണനായിരിക്കുകയാണ്. ഈ സമയം നിങ്ങളുടെ ഈ അന്തിമപുരുഷാർത്ഥി ശരീരം വളരെയധികം വിലപ്പെട്ടതാണ്. നിങ്ങൾ ഇതിലിരുന്നുകൊണ്ട് വളരെയധികം സമ്പാദിക്കുന്നു. നിങ്ങൾ കഴിക്കുന്നതും കുടിക്കുന്നതും പരിധിയില്ലാത്ത അച്ഛനോടൊപ്പമാണ്. ഇത്രയും കാലംകൊണ്ട് വിളിച്ചതും ഈ അച്ഛനെത്തന്നെയാണ്. അല്ലാതെ കൃഷ്ണനോടൊപ്പം കഴിക്കാം എന്നൊരിക്കലും പറഞ്ഞിട്ടില്ലല്ലോ. അങ്ങ് തന്നെ മാതാവും പിതാവും... എന്ന് പറഞ്ഞ് ബാബയെത്തന്നെയാണ് ഓർമ്മിച്ചുവന്നത്. മക്കളാണെങ്കിൽ അച്ഛനോടൊപ്പം കളിച്ചുകൊണ്ടിരിക്കുകയായിരിക്കും. നമ്മളെല്ലാവരും കൃഷ്ണന്റെ കുട്ടികളാകാൻ സാധിക്കില്ല. എല്ലാ ആത്മാക്കളും പരമപിതാവായ പരമാത്മാവിന്റെ മക്കളാണ്. ആത്മാവാണ് ശരീരത്തിലൂടെ പറയുന്നത്, ബാബാ അങ്ങ് എപ്പോൾ വരുന്നുവോ ഞങ്ങൾ അങ്ങയുടെ കൂടെ കഴിക്കും, കുടിക്കും, കളിക്കും..... എല്ലാം ചെയ്യും. നിങ്ങൾ പറയുന്നതുതന്നെ ബാപ്ദാദ എന്നാണ്. ഒരു വീട് പോലെ. ബാപ്ദാദയും കുട്ടികളും. ഈ ബ്രഹ്മാവ് പരിധിയില്ലാത്ത രചയിതാവാണ്. ബാബ ഇവരിൽ പ്രവേശിച്ച് ഇവരെ

ദത്തെടുത്തിരിക്കുകയാണ്. നീ എന്റേതാണെന്ന്, ബ്രഹ്മാവിനോടും പറയുന്നു. ഇത് മുഖവംശാവലിയാണ്. എങ്ങനെയാണോ ഒരു പത്നിയെ ദത്തെടുക്കുന്നത് അതുപോലെ. അതും മുഖവംശാവലി തന്നെയാണ്. നീ എന്റേതാണെന്ന് പറയുന്നു. പിന്നീട് അവരിൽ നിന്നും ശരീരവംശാവലി കുട്ടികൾ ജന്മമെടുക്കുന്നു. ഈ സമ്പ്രദായങ്ങളെല്ലാം തന്നെ എവിടെനിന്നാണുണ്ടായത്? ബാബ പറയുന്നു ഞാനാണ് ബ്രഹ്മാവിനെ ദത്തെടുക്കുന്നത്. ഇവരിലൂടെ നിങ്ങൾ കുട്ടികളെ ദത്തെടുക്കുന്നു. നിങ്ങൾ എന്റെ കുട്ടികളാണെന്ന് പറയുന്നു. പക്ഷേ ബ്രഹ്മാവ് പുരുഷനാണെന്നു മാത്രം. നിങ്ങളെല്ലാവരെയും സംരക്ഷിക്കുന്നതിനായി പിന്നെ സരസ്വതിയെ ദത്തെടുക്കുന്നു. അവർക്ക് മാതാ എന്ന ടൈറ്റിൽ ലഭിച്ചു. സരസ്വതിനദി എന്നു പറയുന്നു. ബ്രഹ്മാവാകുന്ന നദിയും മാതാവാണ്. ബാബ സാഗരനാണ്. ഇവരും സാഗരത്തിൽ നിന്നും ഉത്ഭവിച്ചതാണ്. ബ്രഹ്മപുത്രാ നദിയുടെയും സാഗരത്തിന്റെയും വളരെ വലിയ മേളയാണുണ്ടാകുന്നത്. ഇങ്ങനെയൊരു മേള മറ്റെവിടെയും ഉണ്ടാകാറില്ല. അത് നദികളുടെയും സാഗരത്തിന്റെയും മേളയാണ്. ഇവിടെ ആത്മാ-പരമാത്മാവിന്റെ മിലനമേളയാണ്. പക്ഷേ ബാബയും എപ്പോഴാണോ ശരീരത്തിലേക്ക് വരുന്നത് അപ്പോഴാണ് മിലന മേളയുണ്ടാകുന്നത്. ബാബ പറയുന്നു ഞാൻ ഹുസൈനാണ്(സുന്ദരൻ). ഞാൻ ബ്രഹ്മാവിൽ കല്പകല്പം പ്രവേശിക്കുന്നു. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ മുഴുവൻ സൃഷ്ടി ചക്രവുമുണ്ട്. ഇതിന്റെ ആയുസ്സ് 5000 വർഷങ്ങളാണ്. ഈ പരിധിയില്ലാത്ത നാടകത്തിൽ നിന്നാണ് മറ്റു പരിധിയുള്ള നാടകം ഉണ്ടായത്. എന്താണോ കഴിഞ്ഞുപോയത് അതാണ് വർത്തമാനസമയത്ത് സംഭവിക്കുന്നത്. വർത്തമാനസമയം പിന്നീട് ഭാവിയായിത്തീരുന്നു, അതിനേയാണ് പിന്നീട് ഭൂതമെന്നും പറയുന്നത്. ഭൂതകാലമാകുന്നതിനുവേണ്ടി എത്ര സമയമാണെടുക്കുന്നത്? പുതിയലോകം കഴിഞ്ഞ് എത്രസമയം കഴിഞ്ഞുപോയി? 5000 വർഷം. നിങ്ങളിപ്പോൾ സ്വദർശന ചക്രധാരികളാണ്. നിങ്ങൾക്കറിയാം നമ്മൾ ആദ്യം ബ്രാഹ്മണനായിരുന്നു പിന്നീട് ദേവതയായിത്തീരുന്നു. നിങ്ങൾ കുട്ടികൾക്കിപ്പോൾ ബാബയിലൂടെ ശാന്തിധാമത്തിന്റെയും സുഖധാമത്തിന്റെയും സമ്പത്താണ് ലഭിക്കുന്നത്. ബാബ വന്ന് മൂന്ന് ധർമ്മങ്ങളെ ഒരുമിച്ച് സ്ഥാപിക്കുന്നു. ബാക്കി എല്ലാ ധർമ്മത്തിന്റെയും വിനാശവും ചെയ്യിപ്പിക്കുന്നു. തിരികെ കൊണ്ടുപോകുന്ന സദ്ഗുരുവായ അച്ഛനെയാണ് ലഭിച്ചിരിക്കുന്നത്. നമ്മെ സദ്ഗതിയിലേക്ക് കൊണ്ടുപോകൂ എന്ന് വിളിക്കുന്നുമുണ്ട്. ഞങ്ങളുടെ ശരീരത്തെ നശിപ്പിക്കൂ, ശരീരം ഉപേക്ഷിച്ച് ഞങ്ങൾക്ക് ശാന്തിധാമത്തിലേക്ക് പോകുന്നതിനുള്ള എന്തെങ്കിലും യുക്തി പറഞ്ഞുതരൂ എന്ന് പറഞ്ഞാണ് വിളിക്കുന്നത്. മനുഷ്യർ ഗുരുക്കന്മാരുടെ പക്കലേക്ക് പോകുന്നതും ഇതിനുവേണ്ടിയാണ്. പക്ഷേ മറ്റേ ഗുരുക്കന്മാർക്ക് നമ്മുടെ ശരീരത്തെ ഉപേക്ഷിപ്പിച്ച് കൂടെകൊണ്ടുപോകാൻ സാധിക്കില്ല. പതിതപാവനൻ ഒരേയൊരു ബാബയാണ്. എപ്പോഴാണോ ബാബ വരുന്നത് അപ്പോൾ തീർച്ചയായും പാവനമായിത്തീരണം. ബാബയെത്തന്നെയാണ് കാലന്റെയും കാലൻ മഹാകാലനെന്നു പറയുന്നത്. എല്ലാവരെയും ഈ ശരീരത്തിൽ നിന്നും മുക്തമാക്കി കൂടെ കൊണ്ടു പോകുന്നു. ബാബ സുപ്രീം ഗൈഡാണ്. സർവ്വാത്മാക്കളെയും തിരികെ കൊണ്ടുപോകുന്നു. എല്ലാവരും ഈ മോശമായ ശരീരത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തമാകാൻ ആഗ്രഹിക്കുന്നു. ഈ ശരീരത്തെ ഉപേക്ഷിക്കുകയാണെങ്കിൽ ബന്ധനവും ഇല്ലാതാകുമല്ലോ. ഇപ്പോൾ നിങ്ങളെ ഈ ആസുരീയ ബന്ധനത്തിൽ നിന്നും മുക്തമാക്കി സുഖത്തിന്റെ ദൈവീക സംബന്ധത്തിലേക്ക് കൊണ്ടു പോകുന്നു. നിങ്ങൾക്കറിയാം നമ്മൾ ശാന്തിധാമം വഴി സുഖധാമത്തിലേക്കു പോകുകയാണ്. പിന്നീട് എങ്ങനെ ദു:ഖധാമത്തിലേക്ക് വരുന്നു എന്നതിനെക്കുറിച്ചും നിങ്ങൾ കുട്ടികൾക്കറിയാം. ബാബ വന്നിരിക്കുന്നത് ശ്യാമനിൽ നിന്നും സുന്ദരനാക്കി മാറ്റുന്നതിനാണ്. ബാബ പറയുന്നു ഞാൻ നിങ്ങളുടെ അനുസരണയുള്ള സത്യമായ പിതാവാണ്. അച്ഛൻ എപ്പോഴും അനുസരണയുള്ളതായിരിക്കുമല്ലോ. കുട്ടികളുടെ സേവനം ധാരാളം ചെയ്യുന്നു. ചിലവ് ചെയ്ത് പഠിപ്പിച്ച് പിന്നീട് തന്റെ ധനവും സമ്പത്തും കുട്ടികൾക്ക് നൽകി സ്വയം സാധു സത്സംഗത്തിലേക്ക് പോകുന്നു. സ്വയം തന്നെക്കാളും തന്റെ മക്കളെ ഉയർന്നതാക്കി മാറ്റുന്നു. ഇതും ബാബ പറയുന്നു ഞാൻ നിങ്ങളെ ഡബിൾ കിരീടധാരികളാക്കി മാറ്റുന്നു. നിങ്ങൾ വിശ്വത്തിന്റെയും അധികാരികളാണ് ബ്രഹ്മാണ്ഡത്തിന്റെയും അധികാരികളാണ്. നിങ്ങൾക്ക് ഡബിൾ പൂജയും ലഭിക്കുന്നു. സാളിഗ്രാമുകളുടെ രൂപത്തിൽ ആത്മാക്കളുടെ പൂജയുമുണ്ടാകുന്നു, ദേവവർണ്ണത്തിലും പൂജ ലഭിക്കുന്നു. എനിക്ക് കേവലം ശിവലിംഗത്തിന്റെ രൂപത്തിലേ പൂജ ലഭിക്കുന്നുള്ളൂ. ഞാൻ നിങ്ങളെപ്പോലെ രാജാവായിത്തീരുന്നില്ല. ഞാൻ നിങ്ങളുടെ എത്ര സേവനമാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള അച്ഛനെ പിന്നെ നിങ്ങൾ എന്തുകൊണ്ടാണ് മറക്കുന്നത്. അല്ലയോ ആത്മാക്കളേ, നിങ്ങൾ സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കുന്നു. നിങ്ങൾ ആരുടെ അടുത്തേക്കാണ് വന്നിരിക്കുന്നത്. ആദ്യം അച്ഛൻ പിന്നീട് ദാദ. ഇപ്പോൾ അച്ഛനാണ്, പിന്നീട് ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദർ, ആദിദേവനായ ആദം. കാരണം ധാരാളം വംശജരുണ്ടല്ലോ. ശിവബാബയെ ആരെങ്കിലും ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറെന്നു വിളിക്കുമോ? ബാബ ഓരോ കാര്യത്തിലും നിങ്ങളെ ഉയർത്തുകയാണ്. ഇങ്ങനെയൊരു അച്ഛനെ ലഭിച്ചിട്ടും നിങ്ങൾ എന്തിനാണ് മറക്കുന്നത്? മറക്കുകയാണെങ്കിൽ നിങ്ങൾ എങ്ങനെ പാവനമായി മാറും. ബാബ

പാവനമായി മാറുന്നതിനുള്ള യുക്തിയാണ് പറഞ്ഞു തരുന്നത്. ഈ ഓർമ്മയിലൂടെ മാത്രമാണ് കറ ഇളകുന്നത്. ബാബ പറയുന്നു - മധുര-മധുരമായ സിക്കീലധേ കുട്ടികളേ, ദേഹാഭിമാനത്തെ ഉപേക്ഷിച്ച് ആത്മാഭിമാനിയായിത്തീരണം, പവിത്രമായി മാറുകയും വേണം. കാമം മഹാശത്രുവാണ്. ഈയൊരു ജന്മം എന്റെ മതമനുസരിച്ച് പവിത്രമായിമാറൂ. ലൗകിക പിതാവും പറയാറുണ്ടല്ലോ, യാതൊരു മോശമായ ജോലിയും ചെയ്യരുത്. എന്റെ താടിയുടെ മാനം കാക്കൂ. പാരലൗകിക പിതാവും പറയുന്നു ഞാൻ നിങ്ങളെ പാവനമാക്കുവാൻ വന്നിരിക്കുകയാണ് അതുകൊണ്ട് മുഖത്തെ കറുപ്പിക്കരുത്. ഇല്ലെങ്കിൽ മാനം നഷ്ടപ്പെടുന്നു. സർവ്വ ബ്രാഹ്മണകുലത്തിന്റെയും ബാബയുടെയും മാനത്തെ നഷ്ടപ്പെടുത്തുന്നു. കുട്ടികൾ ബാബയോട് പറയുന്നു, ബാബാ ഞങ്ങൾ വീണുപോയി. മുഖം കറുപ്പിച്ചു. ബാബ പറയുന്നു ഞാൻ നിങ്ങളെ സുന്ദരമാക്കി മാറ്റുന്നതിനായി വന്നിരിക്കുകയാണ്. നിങ്ങൾ പിന്നെന്തിനാണ് മുഖത്തെ കറുപ്പിക്കുന്നത്. നിങ്ങൾക്ക് സദാ സുന്ദരമാകാനുള്ള പുരുഷാർത്ഥം ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ മക്കൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഈ അന്തിമ പുരുഷാർത്ഥി ശരീരം വളരെ വിലപ്പെട്ടതാണ്, ഈ ജന്മത്തിൽ വളരെ സമ്പാദിക്കണം. പരിധിയില്ലാത്ത അച്ഛനോടൊപ്പം കഴിച്ച്, കുടിച്ച്......... ബാബയിൽ നിന്നും സർവ്വ സംബന്ധങ്ങളുടെയും അനുഭൂതി ചെയ്യണം.

2. ബ്രാഹ്മണ പരിവാരത്തിന്റെയും ബാബയുടെയും മാനം നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്. ആത്മാഭിമാനിയായി പൂർണ്ണമായും പവിത്രമായിത്തീരണം. ഓർമ്മയിലൂടെ പഴയ കറകളെ കളയണം.

### വരദാനം:- കേൾക്കുന്നതിനോടൊപ്പം സ്വരൂപമായി മാറി മനസ്സിനെ രമിപ്പിക്കുന്ന സദാ ശക്തിശാലിയായി ഭവിക്കട്ടെ.

ദിവസവും മനസ്സിൽ സ്വയത്തെ പ്രതിയോ മറ്റുള്ളവരെ പ്രതിയോ ഉന്മേഷ ഉത്സാഹത്തിന്റെ സങ്കൽപം കൊണ്ടുവരൂ. സ്വയവും ആ സങ്കൽപത്തിന്റെ സ്വരൂപമാകൂ ഒപ്പം മറ്റുള്ളവരുടെ സേവനത്തിലും കൊണ്ടുവരൂ എങ്കിൽ താങ്കളുടെ ജീവിതവും സദാ സമയത്തേക്ക് ഉത്സാഹഭരിതമാകും, മറ്റുള്ളവർക്കും ഉത്സാഹം ഉണർത്തിക്കൊടുക്കുന്നവരാകാൻ സാധിക്കും. എങ്ങനെയാണോ മനസ്സിനെ രമിപ്പിക്കുന്ന പ്രോഗ്രാമുകൾ വെക്കാറുള്ളത് അതേപോലെ ദിവസവും മനോരഞ്ജനത്തിന്റെ പ്രോഗ്രാമുകൾ ഉണ്ടാക്കൂ, എന്ത് കേൾക്കുന്നുവോ അതിന്റെ സ്വരൂപമാകൂ എങ്കിൽ ശക്തിശാലിയായി മാറും.

### സ്ലോഗൻ:- മറ്റുള്ളവരെ പരിവർത്തനപ്പെടുത്തുന്നതിന് മുമ്പ് സ്വയത്തെ പരിവർത്തനപ്പെടുത്തൂ, ഇത് തന്നെയാണ് വിവേകം.

**അവ്യക്ത സൂചനകൾ- സങ്കൽപങ്ങളുടെ ശക്തി സംഭരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**

ഏറ്റവും തീവ്രഗതിയുള്ള സേവനത്തിനുള്ള മാർഗ്ഗമാണ്-ശുഭകരവും ശ്രേഷ്ഠവുമായ സങ്കൽപങ്ങളുടെ ശക്തി. എങ്ങനെയാണോ ബ്രഹ്മാബാബ ശ്രേഷ്ഠ സങ്കൽപങ്ങളുടെ വിധിയിലൂടെ സേവനങ്ങളുടെ അഭിവൃദ്ധിയിൽ സദാ സഹയോഗിയായിരുന്നത്, വിധി തീവ്രമായിരുന്നതിനാൽ അഭിവൃദ്ധിയും തീവ്രമായിരുന്നു, അതേപോലെ താങ്കൾ കുട്ടികളും ശ്രേഷ്ഠ ശുഭസങ്കല്പങ്ങളാൽ സമ്പന്നരാകൂ.